(സി)	1.	വിദ്യാഭ്യാസം	27,584	3	0
	2.	വൈദ്യസഹായം	40,198	13	0
	3.	ക്ഷേമകേന്ദ്രങ്ങൾ	33,715	11	7
	4.	സ്ഥാപനങ്ങൾക്കു ഗ്രാൻറ്	13,450	0	0
	5.	ശമ്പളം	11,377	13	0

UNSTARRED QUESTIONS AND ANSWERS.

ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനം.

117. [1] ശ്രീ. പി. കുഞ്ഞൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൻെറ ഇപ്പോഴത്തെ കാര്യക്ഷമമല്ലാത്ത പ്രവർത്തനങ്ങളെ സംബന്ധിച്ച് 1955 ജൂൺ ആദ്യവാരത്തോടുകൂടി സംസ്ഥാനം സന്ദർശിച്ച കോദണ്ഡറാവുവിൻെറ പത്രപ്രസ്താവന ഗവണ്മെൻറിൻെറ അടിയന്തിരശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോഴത്തെ ഡയറക്ടർക്കുള്ള പ്രത്യേക യോഗ്യതകൾ എന്തെല്ലാം; കാര്യക്ഷമതയോ ഉന്നതവിദ്യാഭ്യാസമോ ഏതാണ് തികഞ്ഞ യോഗ്യതയായി പരിഗണിക്കുന്നത്?

ഉത്തരം.

(എ) ശ്രീ. കോദണ്ഡറാവു ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൻെറ കാര്യക്ഷമമല്ലാത്ത പ്രവർത്തനങ്ങളെ സംബന്ധിച്ച് യാതൊരു പത്രപ്രസ്താവനയും പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ അദ്ദേഹം പറഞ്ഞതായി പ്രസിദ്ധപ്പെടുത്തിയ ഒരു പത്രപ്രസ്താവന ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) ബനാറീസ് സർവ്വകലാശാല ബി. എസ്സി (മെക്കാനിക്കൽ എൻജിനീയറിംഗ്) ഡിഗ്രി, ടാറ്റാ കമ്പനിയിൽ 10 വർഷം അസ: എൻജിനീയറായും, ബോംബെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ രണ്ടുവർഷം മെത്തേഡ്സ് എൻജിനീയറായും ഉദ്യോഗം വഹിച്ചിട്ടുണ്ട്. കാര്യക്ഷമതയും ഉന്നതവിദ്യാഭ്യാസവും തികഞ്ഞ യോഗ്യതയായി പരിഗണിക്കുന്നു.

ആയുർവ്വേദാശുപത്രി.

118. [2] ശ്രീ. പി. എം. മക്കോസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജയപുരത്ത് യാതൊരു വൈദ്യസഹായസ്ഥാപനവുമില്ലാത്ത അയർക്കുന്നത്ത് ഒരു ആയുർവ്വേദാശുപത്രി സ്ഥാപിച്ചു കിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് അയർക്കുന്നം പഞ്ചായത്ത് പ്രസിഡൻറുൾപ്പെടെ പൊതുജനങ്ങളുടെ നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ ഗവണ്മെൻറ് എന്തു തീരുമാനം ചെയ്തിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

(എ) കിട്ടിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കറൻറ ചാർജ്ജ്.

* 119. [5] ശ്രീ. കുട്ടൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പു മന്ത്രി സദയം മറുപടി തരുമോ:

(എ) സാധാരണയായി ഇല "ട്രിക്ക്" കറൻറചാർജ്ജ് ഉപഭോക്താവിൽനിന്നും ഈടാക്കുന്ന അവസരത്തിൽ പിശകായി ഈടാക്കിയാൽ (മീറ്ററിൽ നിന്നും കൂടുതലായ) ആ തുക തിരിയെ കൊടുക്കുന്ന ഏർപ്പാടുണ്ടോ;

(ബി) ഉണ്ടെങ്കിൽ 1950 മുതൽ കായംകുളം ഫാൻസി ക്ലീനിംഗ് സിന്റെ ഉടമസ്ഥനായ ശ്രീ. കെ. എ. ഡാനിയേൽ (കൺസ്യൂമർ നമ്പർ 327) പകൽനിന്നും കൂടുതൽ ഈടാക്കിയ തുക ഇതുവരെ കൊടുക്കാതിരിക്കുന്നതിനുള്ള കാരണം എന്താണ്?

ഉത്തരം.

(എ) ഉണ്ട്.

(ബി) എന്തെങ്കിലും തുക പ്രസ്തുത കൺസ്യൂമർക്ക് ചെല്ലേണ്ടതായിട്ടുണ്ടോ എന്ന് അന്വേഷിച്ചുകൊണ്ടിരിക്കയാണ്.

Anglo Indian Doctors.

120. [7] SHRI A. A. D. LUIZ: Will the Health Minister be pleased to state:

(*a*) the exact number of Anglo Indian Doctors that are now in the State service;

(*b*) their grade and salary;

(*c*) has anyone of them applied for leave for foreign studies?

Answer.

(*a*) Five.

(*b*) One I Grade Specialist on Rs. 500-800. 4 Assistant Surgeons on Rs. 100-300.

(*c*) Yes. Two Officers have applied for leave and this has been sanctioned.

Financial assistance for higher education.

121. [8] SHRI A. A. D. LUIZ: Will the Minister for Local Self Government be pleased to state the exact number of Anglo Indians that have received financial assistance for higher education from the Commissioner for Advancement of Backward Communities?

LIBRARY ARCHIVES Kerala Legislative Assembly